ഇളവ് അനുവദിച്ചുകിട്ടുന്നില്ല എന്നതാണ്. ഇപ്പോഴത്തെ സ്ലാബ് സമ്പ്രദായം പുനഃപരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. സ്ലാബ് നിരക്കിൽ പറഞ്ഞിട്ടുള്ളതിൽനിന്നും കുറഞ്ഞ അളവിൽ വൈദ്യുതി ഉപയോഗിക്കുകയും, എന്നാൽ അംഗീകൃത സ്ലാബിന്റെ അടിസ്ഥാനത്തിൽ നേരത്തെ കൂടുതൽ വൈദ്യുതി ചാർജ് ഒടുക്കുകയും ചെയ്തിട്ടുള്ള ഉപഭോക്താവിന് പിന്നീടുള്ള ബില്ലിൽ അധികത്തുക വകവച്ചു കൊടുക്കുന്നതാണ്. ഒരു വൈദ്യുതി ഉപഭോക്താവിന്. ഇപ്പോഴത്തെ സമ്പ്രദായത്തിൽ താണ നിരക്കിലുള്ള സ്ലാബിലേക്ക് മാറുന്നതിന് 12 മാസത്തോളം കാത്തിരിക്കണം എന്നുള്ളതാണ് മറെറാരു പരാതി. ഈ പ്രയാസം പരിഹരിക്കുന്നതിന്, ഉപഭോക്താവിൽനിന്ന് ഒരു ചെറിയ ഫീസ് ഈടാക്കിക്കൊണ്ട്, എപ്പോൾ വേണമെങ്കിലും സ്ലാബ് മാറുന്നതിനുള്ള വ്യവസ്ഥ ഏർപ്പെടുത്തുന്നതായിരിക്കും. ഈ മാറ്റങ്ങൾ 1-4-1986 മുതൽ നടപ്പിൽ വരുന്നതാണ്.

കാർഷിക-വ്യാവസായിക കണക്ഷനുകൾക്ക് ആനുകൂല്യം :

44. കാർഷിക-വ്യാവസായിക ആവശ്യങ്ങൾക്ക് പ്രത്യേക പരിഗണന നൽകി വൈദ്യുതി എത്തിച്ചുകൊടുക്കുക രാജ്യത്തിന്റെ വികസന പ്രക്രിയയ്ക്ക് അത്യന്താപേക്ഷിതമാണ്. വെള്ളം പമ്പുചെയ്ത് കൃഷിക്കുപയോഗിക്കുവാൻ കഴിഞ്ഞാൽ അതുവഴി ഭൂമിയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ സാധിക്കും. അതിലേക്ക് സ്ഥാപിക്കുന്ന പമ്പുസെറ്റിന് മിനിമം ഗാരന്റി ഒഴിവാക്കി വൈദ്യുതി കണക്ഷൻ ലഭിക്കുക എന്നത് കർഷകർ ദീർഘകാലമായി ഉന്നയിക്കുന്ന ആവശ്യമാണ്. അതിനാൽ കാർഷികാവശ്യത്തിനുവേണ്ടി നൽകുന്ന 10,000 രൂപയിൽ കൂടുതൽ ചെലവുവരാത്ത കാർഷിക കണക്ഷനുകളെ 1986 ഏപ്രിൽ ഒന്നാം തീയതി മുതൽ മിനിമം ഗ്യാരണ്ടിയിൽനിന്ന് ഒഴിവാക്കുന്നതാണ്. ഇപ്പോൾ 5,000 രൂപയിൽ കൂടുതൽ ചെലവുവരുന്ന വ്യവസായ കണക്ഷൻ നൽകുന്നതിന് വൈദ്യുതി ബോർഡ് കോൺട്രിബ്യൂഷൻ ഈടാക്കിവരുന്നുണ്ട്. ഇതു ചെറുകിട വ്യവസായ സംരംഭകർക്ക് ഒരു ഭാരമാണെന്ന പരാതി വ്യാപകമായി ഉയർന്നുവന്നിട്ടുണ്ട്. കോൺട്രിബ്യൂഷനുപകരം മിനിമം ഗാരണ്ടി വാങ്ങി കണക്ഷൻ നൽകണമെന്നുള്ളതാണ് അവരുടെ ആവശ്യം. ഗവൺമെന്റ് ഈ ആവശ്യം അംഗീകരിക്കുന്നു. 1986 ഏപ്രിൽ ഒന്നാം തീയതി മുതൽ വ്യവസായ കണക്ഷന് ഈടാക്കിവരുന്ന കോൺട്രിബ്യൂഷൻ സമ്പ്രദായം ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം നിർത്തൽ ചെയ്യുകയും, അതിനുപകരം മിനിമം ഗാരണ്ടി സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്.

കുഷ്ഠരോഗികൾക്കും ക്യാൻസർ രോഗികൾക്കും ധനസഹായം വർദ്ധിപ്പിക്കുന്നു :

45. കുഷ്ഠരോഗികൾക്കും ക്യാൻസർ രോഗികൾക്കും പ്രതിമാസം 50 രൂപ നിരക്കിലാണ് ധനസഹായം നൽകുന്നത്. ഇതു തികച്ചും അപര്യാപ്തമാകയാൽ ഒരു മാനുഷിക പ്രശ്നമെന്ന നിലയ്ക്ക് പ്രസ്തുത നിരക്ക് 100 രൂപയാക്കി ഉയർത്തുന്നതാണ്. ഇതിലേക്ക് 10 ലക്ഷം രൂപ നീക്കിവെയ്ക്കുന്നു.

മാനസികരോഗത്തിൽനിന്നും മറ്റും വിമുക്തി നേടിയവരുടെ പുനരധിവാസം :

46. സംസ്ഥാനത്തെ മാനസികരോഗാശുപത്രികളിലും കുഷ്ഠരോഗാശുപത്രികളിലും ചികിൽസ കഴിഞ്ഞു പുറത്തുവരുന്നവരിൽ നല്ലൊരു വിഭാഗത്തെ

LIBRARY ARCHIVES Kerala Legislative Assembly